പാർഡ്യൂ വെസ്റ്റ് ബ്രോം കോച്ച്

ലണ്ടൻ : ഇംഗ്ലീഷ് പ്രിമിയർ ലീഗ് ക്ലബ് വെസ്റ്റ് ബ്രോം വിച്ച് അൽബിയോൺ തങ്ങളുടെ പുതിയ പരിശീലകനായി അലൻ പാർഡ്യൂവിനെ നിയമിച്ചു. നിലവിലെ കോച്ചായിരുന്ന ടോണി പുലിസിനെ പുറത്താക്കിയ കസേരയിലേക്കാണ് പാർഡ്യൂ എത്തുന്നത്. വെസ്റ്റ് ഹാം, ന്യൂകാസിൽ, ക്രിസ്റ്റൽ പാലസ് തുടങ്ങിയ ക്ലബുകളുടെ മുൻപരിശീലകനാണ് 56 കാരനായ പാർഡ്യൂ.

മായാത്ത
10
TENDULKAR
10

സച്ചിന്റെ 10-ാം നമ്പർ ജഴ്സി മറ്റാർക്കും നൽകുന്നില്ലെന്ന് ബി.സി.സി.ഐ

ന്യൂഡൽഹി : ഏകദിനത്തിലും ട്വന്റി - 20 യിലും സച്ചിൻ ടെൻഡുൽക്കർ അനശ്വരമാക്കിയ 10-ാം നമ്പർ ജഴ്സി മറ്റാർക്കും ഇനി നൽകേണ്ടതില്ലെന്ന തീരുമാനത്തിലേക്ക് ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ്. സച്ചിനോടുള്ള ആദര സൂചകമായാണ് ഈ തീരുമാനം.

കഴിഞ്ഞ ആഗസ്റ്റിൽ നടന്ന ഇന്ത്യയുടെ ശ്രീലങ്കൻ പര്യടനത്തിൽ പേസർ ശാർദ്ദൂൽ താക്കൂർ 10-ാം നമ്പർ ജഴ്സിയിലാണ് അരങ്ങേറിയിരുന്നത്. എന്നാൽ സച്ചിന്റെ ജഴ്സി ശാർദ്ദൂലിന് നൽകിയതിന്റെ പേരിൽ ഇന്ത്യൻ ക്രിക്കറ്റ് ആരാധകർ സോഷ്യൽ മീഡിയയിൽ കനത്ത പ്രതിഷേധം ഉയർത്തിയിരുന്നു. ഈ സാഹചര്യത്തിലാണ് വിഖ്യാത ജഴ്സി മറ്റാർക്കും ഇനി നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിരിക്കുന്നത്.

ശാർദ്ദൂൽ താക്കൂർ 10-ാം നമ്പർ ജഴ്സിയിൽ

സച്ചിൻ ഏകദിനത്തിൽ നിന്ന് വിരമിച്ച സമയത്തുതന്നെ 10-ാം നമ്പർ കുപ്പായം മരവിപ്പിക്കാൻ ബി.സി.സി.ഐ ആലോചിച്ചിരുന്നു. എന്നാൽ ഇന്റർനാഷണൽ ക്രിക്കറ്റ് കൗൺസിലിന്റെ നിയമപ്രകാരം ഒരു ജഴ്സി നമ്പരും അന്താരാഷ്ട്ര മത്സരങ്ങളിൽ മരവിപ്പിക്കാൻ സാദ്ധ്യമല്ല. അതിനാലാണ് ശാർദ്ദൂലിന് ഈ ജഴ്സി നമ്പർ നൽകിയത്. തുടർന്നാണ് പ്രതിഷേധമുയർന്നത്.

അതിനാൽ ഔദ്യോഗികമായി ജഴ്സി മരവിപ്പിക്കൽ തീരുമാനം ബി.സി.സി.ഐ പ്രഖ്യാപിക്കില്ല. എന്നാൽ ഇന്ത്യൻ ടീമംഗങ്ങളുമായി ഇതേക്കുറിച്ച് ചർച്ച നടത്തിയിരുന്നു. സച്ചിൻ തന്റെ പേരിന് പര്യായമാക്കി മാറ്റിയ പത്താം നമ്പർ കുപ്പായം അദ്ദേഹത്തിന്റെ മായാത്ത അംഗീകാരമായി നിലനിറുത്താൻ ടീമംഗങ്ങൾക്കും പൂർണസമ്മതമാണ്. അതുകൊണ്ട് തന്നെ ഔദ്യോഗികമായി മരവിപ്പിച്ചില്ലെങ്കിലും ഇനിയാർക്കും ഈ നമ്പർ നൽകില്ലെന്ന് ബി.സി.സി.ഐ ധാരണയിലെത്തിക്കഴിഞ്ഞു.

പത്താം നമ്പർ കുപ്പായത്തിൽ ഇന്ത്യയ്ക്ക് വേണ്ടി 463 ഏകദിനങ്ങൾ കളിച്ച് 18,426 റൺസും നിരവധി റെക്കാഡുകളും സച്ചിൻ സ്വന്തമാക്കിയിട്ടുണ്ട്. ഐ.പി.എല്ലിൽ മുംബയ് ഇന്ത്യൻസും സച്ചിന് 10-ാം നമ്പർ ജഴ്സിയാണ് നൽകിയിരുന്നത്. സച്ചിൻ ഐ.പി.എല്ലിൽ നിന്ന് വിരമിച്ചശേഷം ഈ നമ്പർ മറ്റാർക്കും നൽകാതെ മുംബയ് ഇന്ത്യൻസ് സച്ചിന്റെ ആദരസൂചകമായി മരവിപ്പിച്ചിരുന്നു.

അതേ സമയം സച്ചിന്റെ പ്രകടനം ജഴ്സി നമ്പരിന്റെ പിൻബലത്തിലായിരുന്നില്ലെന്നും അതിനാൽ മരവിപ്പിക്കൽ ഭാവനാശൂന്യമാണെന്നുമുള്ള അഭിപ്രായവും ഉയർന്നിട്ടുണ്ട്.

ക്രിക്കറ്റിലും ഫുട്ബാളിലുമൊക്കെ പത്താം നമ്പർ ജഴ്സിക്ക് പ്രത്യേക പ്രാധാന്യമുണ്ട്. ഡീഗോ മറഡോണ, ലയണൽ മെസി, വെയ്ൻ റൂണി തുടങ്ങിയ ഇതിഹാസങ്ങളൊക്കെ പത്താം നമ്പർ കുപ്പായത്തിന്റെ തിളക്കമുള്ളവരാണ്.

തിസാര ശ്രീലങ്കൻ ക്യാപ്ടൻ

■ ഇന്ത്യയ്ക്കെതിരായ ഏകദിന പരമ്പരയിൽ ശ്രീലങ്കയെ ആൾറൗണ്ടർ തിസാര പെരേര നയിക്കും, ടീമിനെ ഉടൻ പ്രഖ്യാപിക്കും

കൊളംബോ : ഡിസംബർ 10 മുതൽ നടക്കുന്ന ഇന്ത്യയ്ക്കെതിരായ മൂന്ന് ഏകദിനങ്ങളുടെ പരമ്പരയ്ക്കുള്ള ശ്രീലങ്കൻ ക്രിക്കറ്റ് ടീമിനെ ആൾ റൗണ്ടർ തിസാര പെരേര നയിക്കും. ആദ്യമായാണ് തിസാര ശ്രീലങ്കൻ ഏകദിന ടീമിന്റെ നായകനാകുന്നത്. കഴിഞ്ഞ മാസം പാകിസ്ഥാനെതിരെ ലാഹോറിൽ നടന്ന ട്വന്റി - 20 പരമ്പരയിൽ തിസാരയാണ് ലങ്കയെ നയിച്ചിരുന്നത്.

2009ൽ ടീം ബസിന് നേരെയുണ്ടായ ഭീകരാക്രമണത്തിന് ശേഷം ആദ്യമായാണ് ശ്രീലങ്കൻ ടീം ഈ വർഷം പാകിസ്ഥാനിൽ പര്യടനം നടത്തിയത്. ഒരു ടീമും പാകിസ്ഥാനിലേക്ക് പോകാത്ത സാഹചര്യത്തിലാണ് ലങ്ക അതിന് തയ്യാറായത്. എന്നാൽ അപ്പോഴത്തെ ഏകദിന ട്വന്റി - 20 ടീം നായകൻ ഉപുൽ തരംഗ അടക്കം സീനിയർ താരങ്ങൾ വിസമ്മതിച്ചു. അതിനെത്തുടർന്ന് തിസാരയുടെ നേതൃത്വത്തിലുള്ള പരിചയസമ്പത്ത് കുറഞ്ഞ ടീമിനെയാണ് പാകിസ്ഥാനിലേക്ക് വിട്ടത്. അവിടെ കളിച്ച മൂന്ന് ട്വന്റി - 20യിലും ലങ്ക തോറ്റിരുന്നു.

പ്രതിസന്ധിഘട്ടത്തിൽ ഒപ്പം നിന്നതിനുള്ള സമ്മാനമായാണ് 28 കാരനായ തിസാരയെ ഏകദിന ക്യാപ്ടൻസിയിലേക്ക് അവരോധിച്ചിരിക്കുന്നത്. ലങ്കൻ ബോർഡിനെതിരെ നിലപാടെടുത്ത തരംഗയെ മാറ്റിയാണ് തിസാര വരുന്നത്.

2009ൽ അരങ്ങേറ്റം കുറിച്ച തിസാര ഇതുവരെ 125 ഏകദിനങ്ങളിൽ കളിച്ചിട്ടുണ്ട്. 133 വിക്കറ്റുകളും സ്വന്തമാക്കിയിട്ടുണ്ട്. പാകിസ്ഥാനെതിരായ അഞ്ച് ഏകദിനങ്ങളിൽ നിന്ന് 91 റൺസും നാലു വിക്കറ്റുകളും മാത്രം നേടാനായ തിസാരയുടെ ഫോം വിമർശന വിധേയമായിരുന്നു. എന്നാൽ അത് പരിഗണിക്കാതെയാണ് ലങ്കൻ ബോർഡ് ക്യാപ്ടൻ കുപ്പായം സമ്മാനിച്ചിരിക്കുന്നത്.

ഏകദിന പരമ്പരയിലെ ക്യാപ്ടനെ മാത്രമാണ് ഇന്നലെ പ്രഖ്യാപിച്ചത്. ടീമിനെ ഉടൻ പ്രഖ്യാപിക്കും. ഏകദിന പരമ്പരയ്ക്ക് ശേഷം നടക്കുന്ന ട്വന്റി - 20 പരമ്പരയിലും പെരേര തന്നെ ടീം ലങ്കയെ നയിക്കാനാണ് സാദ്ധ്യത.

ഏകദിന പരമ്പരയിൽ ഇന്ത്യയ്ക്കും പുതിയ നായകനാണ്. വിരാട് കൊഹ്‌ലി വിശ്രമത്തിലായതിനാൽ രോഹിത് ശർമ്മയാണ് ഇന്ത്യയെ നയിക്കുന്നത്.

CEYLON TEA
SYMBOL OF QUALITY
SRI LANKA

7 ക്യാപ്ടന്മാർ ഈ വർഷം

- ഈ വർഷം ലങ്കയെ മൂന്ന് ഫോർമാറ്റുകളിലായി നയിച്ചത് ഏഴ് ക്യാപ്ടന്മാരാണ്. എന്നാൽ 35 മത്സരങ്ങളിൽ ലങ്കൻ ടീം തോൽക്കുകയും ചെയ്തു. ഓരോ പരമ്പരയും തോൽക്കുമ്പോൾ ക്യാപ്ടന്മാരെ മാറ്റി പരീക്ഷിക്കുകയായിരുന്നു ലങ്കൻ ക്രിക്കറ്റ് ബോർഡ്.
- ഏഞ്ചലോ മാത്യൂസ്, ലസിത് മലിംഗ, രംഗണ ഹെറാത്ത്, ദിനേശ് ചാന്ദിമൽ, ചമര കപുഗഡേര, ഉപുൽ തരംഗ, തിസാര പെരേര എന്നിവരാണ് ഈ വർഷം ടെസ്റ്റ്, ഏകദിന, ട്വന്റി - 20 പരമ്പരകളിലായി ലങ്കയെ നയിച്ചിറങ്ങിയത്.
- സിംബാബ്‌വെ, ദക്ഷിണാഫ്രിക്ക, ഇന്ത്യ, പാകിസ്ഥാൻ എന്നിവർക്കെതിരെയെല്ലാം ലങ്ക ഈ വർഷം ഏകദിന പരമ്പര തോറ്റിരുന്നു.
- സിംബാബ്‌വെയ്ക്കെതിരായ പരമ്പര തോൽവിക്ക് ശേഷമാണ് ഏഞ്ചലോ മാത്യൂസ് ക്യാപ്ടൻസി ഒഴിഞ്ഞത്.
- ഉപുൽ തരംഗയാണ് ഏഞ്ചലോയിൽ നിന്ന് ക്യാപ്ടൻസി ഏറ്റെടുത്തത്. പക്ഷേ തരംഗയ്ക്ക് കീഴിൽ ഇന്ത്യയോട് സ്വന്തം നാട്ടിൽ വച്ചും പാകിസ്ഥാനോട് യു.എ.ഇയിൽ വച്ചും 5-0ത്തിന് പരമ്പര തോറ്റു.
- ദക്ഷിണാഫ്രിക്കയ്ക്കെതിരായ ഏകദിന പരമ്പരയും 5-0 ത്തിന് തോറ്റത് തരംഗയ്ക്ക് കീഴിലായിരുന്നു. ഈ പരമ്പരയിൽ ഒരു മത്സരത്തിൽ ചമര കപുഗഡേരയാണ് ടീമിനെ നയിച്ചത്.
- ഇന്ത്യയ്ക്കെതിരായ പരമ്പരയിൽ തരംഗ ടീമിലുണ്ടാകുമോ എന്ന കാര്യത്തിലും സംശയമുണ്ട്.

ബി.സി.സി.ഐക്ക് 52 കോടി പിഴ

ന്യൂഡൽഹി : ഐ.പി.എൽ സംപ്രേഷണാവകാശം നൽകിയതിലെ തിരിമറികളുടെ പേരിൽ ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡിന് 52.24 കോടി രൂപ കോംപറ്റീഷൻ കമ്മിറ്റി ഒഫ് ഇന്ത്യ പിഴ വിധിച്ചു. ബി.സി.സി.ഐയുടെ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ വരുമാനത്തിന്റെ 4.45 ശതമാനമാണ് ഈ തുക. 1,164.7 കോടി രൂപയാണ് കഴിഞ്ഞ മൂന്നുവർഷങ്ങളിലെ ബി.സി.സി.ഐയുടെ വരുമാനം.

പത്തുവർഷമായി സോണി മാക്സുമായി ഉണ്ടായിരുന്ന ഐ.പി.എൽ സംപ്രേഷണകരാർ അവസാനിച്ചതോടെയാണ് ബി.സി.സി.ഐ പുതിയ കരാർ നൽകിയത്. സ്റ്റാർ സ്പോർട്സാണ് അടുത്ത സീസൺ മുതലുള്ള കരാർ നേടിയിരിക്കുന്നത്. ബി.സി.സി.ഐയുടെ ഹോം മാച്ചുകൾ സംപ്രേഷണം ചെയ്യാനുള്ള അവകാശവും സ്റ്റാറിനാണ്.

2013 ലും കോംപറ്റീഷൻ കമ്മിഷൻ ഒഫ് ഇന്ത്യ സാമ്പത്തിക ക്രമക്കേടുകളുടെ പേരിൽ ബി.സി.സി.ഐക്ക് പിഴ ശിക്ഷ വിധിച്ചിരുന്നു.

ഐ.എസ്.എൽ : മുംബയ്‌യെ വീഴ്ത്തി പൂനെ

പൂനെ : ഇന്ത്യൻ സൂപ്പർ ലീഗിൽ ഇന്നലെ നടന്ന മഹാരാഷ്ട്ര ഡർബിയിൽ പൂനെ സിറ്റി ഒന്നിനെതിരെ രണ്ടു ഗോളുകൾക്ക് മുംബയ് സിറ്റി എഫ്.സിയെ കീഴടക്കി. 15-ാം മിനിട്ടിൽ ബൽവന്ത് സിംഗിലൂടെ മുംബയ്‌യാണ് ആദ്യം മുന്നിലെത്തിയത്. 74-ാം മിനിട്ടിൽ പെനാൽറ്റിയിലൂടെ അൽഫാരോയാണ് പൂനെയുടെ ആദ്യ ഗോൾ നേടിയത്. ഇൻജുറി ടൈമിൽ അൽഫാരോ തന്നെ വിജയഗോളും നേടി.

പൂനെ ഛത്രപതി ശിവജി സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിന്റെ തുടക്കത്തിൽ മുംബയ് സിറ്റിയാണ് ആധിപത്യം പുലർത്തിയത്. നിരന്തരം ആക്രമണങ്ങൾ നടത്തിയ അവർ 15-ാം മിനിട്ടിൽ ലക്ഷ്യം കാണുകയും ചെയ്തു. സെഹ്നാജ് സിംഗിന്റെ ക്രോസിൽ നിന്നാണ് ബൽവന്ത് മുംബയ്ക്ക് വേണ്ടി സ്കോറിംഗ് നടത്തിയത്. ഇടതുവിംഗിൽ നിന്ന് കിട്ടിയ പന്തുമായി ബോക്സിനകത്തേക്ക് കയറിയ ബൽവന്ത് ശരീരംകൊണ്ട് പന്ത് തട്ടി ഉയർത്തിയ ശേഷം ഷൂട്ട് ചെയ്യുകയായിരുന്നു.

ഒരു ഗോൾ വഴങ്ങിയശേഷം പൂനെ സിറ്റിയും ഉണർന്നതോടെ കളി ഉഷാറായി. ആദ്യ പകുതി അവസാനിക്കുന്നതിന് മുമ്പ് പലതവണ അവർ മുംബയ് ഗോൾ മുഖത്ത് ഭീഷണി ഉയർത്തി. എന്നാൽ വലകുലുക്കാനായില്ല.

രണ്ടാം പകുതിയിൽ മുംബയ്‌യുടെ മുന്നേറ്റമാണ് കണ്ടത്. 55-ാം മിനിട്ടിൽ ഡിഫെൻഡർമാരെ വെട്ടിച്ച് മാഴ്സെലീഞ്ഞോ നൽകിയ ക്രോസ് അൽഫാരോയ്ക്ക് പ്രയോജനപ്പെടുത്താനായില്ല. 72-ാം മിനിട്ടിൽ ലഭിച്ച പെനാൽറ്റിയാണ് പൂനെയ്ക്ക് സമനില വഴി തുറന്നത്. ബോക്സിനുള്ളഫൗളേറ്റ് വീണ കാർലോസിനെ രാജു തടുത്തുവച്ചതിനാണ് റഫറി പെനാൽറ്റി വിധിച്ചത്. കിക്കെടുത്ത അൽഫാരോയ്ക്ക് ലക്ഷ്യം പിടിച്ചില്ല.

സമനിലയിലായതോടെ മുംബയ് ലീഡ് തിരിച്ചുപിടിക്കാൻ ശ്രമം തുടങ്ങി. പക്ഷേ വിജയം പൂനെയ്ക്കൊപ്പമായിരുന്നു.

ഇന്നത്തെ മത്സരം
എഫ്.സി. ഗോവ Vs ബംഗ്ളൂരു

പൂനെ - മുംബയ് മത്സരത്തിൽ നിന്ന്

കേരള യൂണിവേഴ്സിറ്റി അത്‌ലറ്റിക് ചാമ്പ്യൻമാരായ അഞ്ചൽ സെന്റ് ജോൺസ് കോളേജ് ടീം

'അഞ്ചലോട്ട'ക്കാരുടെ വീരഗാഥ

ഒന്നുമില്ലായ്മയിൽ നിന്ന് കേരള യൂണിവേഴ്സിറ്റി അത്‌ലറ്റിക് ചാമ്പ്യൻമാരായി അഞ്ചൽ സെന്റ് ജോൺസ് കോളേജ്

◗ അൻസാർ എസ്.രാജ്

തിരുവനന്തപുരം : പണ്ടുകാലത്ത് മണിമുഴക്കി ഓടിയെത്തിയിരുന്ന തപാൽ സംവിധാനത്തിന്റെ പേരാണ് അഞ്ചലോട്ടം. പുതിയ കാലത്ത് അഞ്ചലിൽ നിന്നെത്തിയ ഓട്ടക്കാരാണ് ഈ പേരിനെ വീണ്ടും ഓർമ്മയിലേക്ക് എത്തിച്ചിരിക്കുന്നത്.

കൊല്ലം ജില്ലയുടെ കിഴക്കൻ മലയോര മേഖലയിൽ നിന്ന് 21 വിദ്യാർത്ഥികളുമായി അഞ്ചൽ സെന്റ് ജോൺസ് കോളേജ് ടീം കഴിഞ്ഞയാഴ്ച തിരുവനന്തപുരത്ത് നടന്ന കേരള യൂണിവേഴ്സിറ്റി അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിനായി വണ്ടി കയറുമ്പോൾ ആരും പ്രതീക്ഷിച്ചിരുന്നില്ല അവർ ഓവറാൾ ചാമ്പ്യൻമാരാകുമെന്ന്. പക്ഷേ 78 വർഷത്തെ യൂണിവേഴ്സിറ്റി കായികമീറ്റ് ചരിത്രത്തിൽ നാടിന്റെ പേരെഴുതിയാണവർ മടങ്ങിയത്. അടിസ്ഥാന സൗകര്യങ്ങളോ പേരെടുത്ത കായിക താരങ്ങളുടെ സാന്നിദ്ധ്യമോ, എടുത്തുപറയാൻ തക്ക കായിക പാരമ്പര്യമോ ഇല്ലാത്തിടത്തു നിന്നാണ് സെന്റ് ജോൺസിന്റെ പടയാളികൾ ഈ നേട്ടം കൈവരിച്ചത്.

യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടന്ന മീറ്റിൽ ഒൻപത് സ്വർണവും ആറ് വെള്ളിയും അഞ്ച് വെങ്കലവും ഉൾപ്പെടെ 20 മെഡലുകളാണ് സെന്റ് ജോൺസ് കോളേജ് ടീം വാരിക്കൂട്ടിയത്. ചെമ്പഴന്തി എസ്.എൻ. കോളേജിന്റെയും കൊല്ലം എസ്.എൻ. വനിതാ കോളേജിന്റെയും കനത്ത വെല്ലുവിളിയിൽ ഇഞ്ചോടിഞ്ച് പോരാട്ടം നടത്തിയാണ് ഓവറാൾ കിരീടം സ്വന്തമാക്കിയത്. ശ്രമിച്ചാൽ നടക്കാത്തതായി ഒന്നുമില്ലെന്ന തിരിച്ചറിവിൽ നിന്നാണ് തങ്ങളുടെ താരങ്ങൾ ഇത്ര മികച്ച പ്രകടനം നടത്തിയതെന്ന് കോളേജിലെ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം മേധാവി ജിതിൻ പറയുന്നു.

മുൻ ദേശീയ കായിക താരവും സംസ്ഥാന സ്പോർട്സ് കൗൺസിൽ കോച്ചുമായ എബ്രഹാം മാത്യുവാണ് കോളേജിലെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നത്. കഴിഞ്ഞ വർഷങ്ങളിൽ ചില ഇനങ്ങളിൽ ആദ്യ സ്ഥാനങ്ങളിലെത്താൻ ഈ കോളേജിലെ താരങ്ങൾക്ക് കഴിഞ്ഞിരുന്നു.

ഇത്തവണ ദീർഘദൂര ഓട്ടങ്ങളിലും നടത്തത്തിലും സ്റ്റീപ്പിൾ ചേസിലും ജാവലിനിലുമൊക്കെ അഞ്ചലിന്റെ താരങ്ങൾ സ്വർണം കൊയ്തു. വനിതാ വിഭാഗത്തിൽ രണ്ട് സ്വർണം വീതം നേടി ലീബാ ജോർജും ബി. നീനയും മുന്നണിപ്പോരാളികളായി. ഹാഫ് മാരത്തോണിലും 10000 മീറ്ററിലുമാണ് ലീബ സ്വർണമണിഞ്ഞത്. നീന 1500 മീറ്ററിലും 3000 മീറ്റർ സ്റ്റീപ്പിൾ ചേസിലും വെന്നിക്കൊടി പാറിച്ചു. 5000 മീറ്ററിൽ സ്വർണം നേടിയ അനുപമ 10000 മീറ്ററിൽ മൂന്നാം സ്ഥാനവും നേടി. നടത്തത്തിൽ അമലയും ഗ്രീഷ്മയും വെള്ളി നേടിയപ്പോൾ ആതിര ഹാഫ് മാരത്തോണിലും 800 മീറ്ററിലും രണ്ടാം സ്ഥാനത്തെത്തി.

പുരുഷ വിഭാഗത്തിൽ ലിജിൻ സജിക്കും ഇരട്ട സ്വർണം ലഭിച്ചു. ഹാഫ് മാരത്തോണിലും 10000 മീറ്ററിലുമാണ് ലിജിൻ സ്വർണമണിഞ്ഞത്. നടത്തത്തിൽ സേതു രവിയും ജാവലിൻ ത്രോയിൽ നിയാസും ഒന്നാം സ്ഥാനക്കാരായി. നദീം അക്ബർ സ്റ്റീപ്പിൾ ചേസിലും 5000 മീറ്ററിലും വെള്ളി മെഡൽ കരസ്ഥമാക്കി. നിഥിന് നടത്തത്തിൽ വെള്ളിയും ഹാഫ് മാരത്തോണിൽ വെങ്കലവും ലഭിച്ചു.

മികച്ച പരിശീലനം നൽകാൻ ആവശ്യമായ ഭൗതിക സാഹചര്യങ്ങളൊന്നും അഞ്ചലിലില്ല. ആകെയുള്ളത് 200 മീറ്റർ ഗ്രൗണ്ട്. ഇവിടെ നിന്നാണ് മാരത്തോണിലെയും 10000, 5000 മീറ്ററുകളിലെയുമൊക്കെ മെഡൽ ജേതാക്കളെ വാർത്തെടുത്തത്. യൂണിവേഴ്സിറ്റി മീറ്റിലാണ് ആദ്യമായി സ്റ്റീപ്പിൾ ചേസിൽ വാട്ടർ ജംപിന് സൗകര്യമുള്ള ഒരു ട്രാക്കിൽ ഈ കോളേജിലെ കുട്ടികൾ മത്സരിക്കാനിറങ്ങിയത്. എന്നിട്ടും ഓരോ സ്വർണവും വെള്ളിയും ലഭിച്ചു.

സ്പോർട്സ് താരങ്ങളെ തിരഞ്ഞുപിടിച്ച് അഡ്മിഷൻ നൽകി മെഡൽ വാരുന്ന രീതിയല്ല അഞ്ചലുകാർ സ്വീകരിച്ചത്. സാധാരണ വിദ്യാർത്ഥികളായി എത്തിയവരിൽ നിന്ന് കായിക അഭിനിവേശമുള്ളവരെ കണ്ടെത്തി പരിശീലനം നൽകുകയായിരുന്നു. ഡേ ബോർഡിംഗ് സ്കീമിന്റെ ഭാഗമായി ഇരുപതോളം കുട്ടികൾക്ക് സ്പോർട്സ് കൗൺസിലിൽ നിന്ന് ലഭിക്കുന്ന നാമമാത്ര സഹായമാണ് പരിശീലനത്തിന്റെ അടിസ്ഥാന വരുമാനം. ഇതിനൊപ്പം അദ്ധ്യാപകരുടെയും മാനേജ്മെന്റിന്റെയും അകമഴിഞ്ഞ പിന്തുണയും അവർക്കുണ്ടെന്ന് ജിതിൻ പറയുന്നു.

ഈ വിജയം കോളേജിൽ ഒരു സ്പോർട്സ് ഹോസ്റ്റൽ അനുവദിക്കണമെന്ന അനുഭാവപൂർവം പരിഗണിക്കാൻ സ്പോർട്സ് കൗൺസിലിനെ പ്രേരിപ്പിക്കുമെന്നാണ് പ്രതീക്ഷ. കോളേജിന്റെ സമീപ പ്രദേശമായ ഇട്ടിവയിൽ സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന സ്പോർട്സ് അക്കാഡമിക്കായി വർഷങ്ങളായി സ്ഥലം ഏറ്റെടുത്തിട്ടിരിക്കുകയാണ്. ഇവിടെ മികച്ച ഗ്രൗണ്ട് ഒരുക്കി പരിശീലനത്തിന് അവസരം നൽകണമെന്നും അഞ്ചലുകാർ ആവശ്യപ്പെടുന്നു.

ബെയ്‌ലിറങ്ങി, റയലിന് സമനില

മാഡ്രിഡ് : പരിക്ക് മൂലം ദീർഘനാളായി പുറത്തായിരുന്ന ഗാരേത്ത് ബെയ്ൽ കളിക്കളത്തിലേക്ക് തിരിച്ചുവന്ന സ്പാനിഷ് കിംഗ്സ് കപ്പ് മത്സരത്തിൽ റയൽ മാഡ്രിഡ് മൂന്നാം നിര ടീമായ ഫ്യൂൻലാബ്രാദയോട് 2-2ന് സമനില വഴങ്ങി. എന്നാൽ ആദ്യപാദത്തിലെ 2-0 ത്തിന്റെ വിജയത്തിന്റെ മികവിൽ റയൽ പ്രീക്വാർട്ടറിലേക്ക് എത്തി. രണ്ടാംപകുതിയിൽ പകരക്കാരനായി കളത്തിലിറങ്ങിയ ബെയ്‌ലാണ് ബോറിയ മയോറൽ നേടിയ രണ്ട് ഗോളുകളും പന്തെത്തിച്ചത്. സൂപ്പർ താരങ്ങളെ ഒഴിവാക്കി യുവനിരയുമായാണ് കോച്ച് സിദാൻ റയലിനെ കളത്തിലിറക്കിയത്.

ഇംഗ്ലീഷ് പ്രിമിയർ ലീഗ്: മാഞ്ചസ്റ്ററിന് ജയം

ലണ്ടൻ : ഇംഗ്ലീഷ് പ്രിമിയർ ലീഗ് ഫുട്ബാളിൽ കഴിഞ്ഞദിവസം നടന്ന മത്സരത്തിൽ മുൻ ചാമ്പ്യന്മാരായ മാഞ്ചസ്റ്റർ യുണൈറ്റഡ് രണ്ടിനെതിരെ നാലു ഗോളുകൾക്ക് വാറ്റ്ഫോർഡിനെ കീഴടക്കി. മാഞ്ചസ്റ്ററിന് വേണ്ടി ആഷലീ യംഗ് ഇരട്ട ഗോളടിച്ചു. അന്തോണി മാർഷൽ, ലിൻഗാർഡ് എന്നിവർ ഓരോ ഗോളടിച്ചു. 13 മത്സരങ്ങളിൽ നിന്ന് 32 പോയിന്റായ മാഞ്ചസ്റ്റർ യുണൈറ്റഡ് പട്ടികയിൽ ഇപ്പോൾ രണ്ടാം സ്ഥാനത്താണ്. 37 പോയിന്റുള്ള മാഞ്ചസ്റ്റർ സിറ്റിയാണ് ഒന്നാമത്.

കഴിഞ്ഞദിവസം നടന്ന മറ്റൊരു മത്സരത്തിൽ മുൻ ചാമ്പ്യൻമാരായ ലെയ്സ്റ്റർ സിറ്റി 2-1ന് ടോട്ടൻഹാമിനെ തോൽപ്പിച്ചു.

എസ്. പ്രഭാഗരന് ഉദയകുമാർ അവാർഡ്

തിരുവനന്തപുരം : വോളി ഫാമിലി ക്ലബിന്റെ ഈ വർഷത്തെ ഉദയകുമാർ നാഷണൽ അവാർഡിന് തമിഴ്നാടിന്റെ അന്തർദേശീ താരം എസ്. പ്രഭാഗരൻ അർഹനായി. ഇന്ന് വൈകിട്ട് ആറിന് ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ വച്ച് മന്ത്രി തോമസ് ഐസക് അവാർഡ് സമ്മാനിക്കും.

ഒളിമ്പ്യൻമാരുടെ നിയമനം : മലക്കം മറിഞ്ഞ് സ്പോർട്സ് കൗൺസിൽ

സ്ഥിര നിയമനത്തിന് അപേക്ഷ നൽകിയ ഒളിമ്പ്യൻമാരോട് കരാർ നിയമനം തരാമെന്ന് അധികൃതർ

◗ കെ.എസ്.അരവിന്ദ്

തിരുവനന്തപുരം : ഒളിമ്പ്യൻമാരുടെ സേവനം വേണമെന്ന സ്പോർട്സ് കൗൺസിലിന്റെ ആവശ്യപ്രകാരം അപേക്ഷ നൽകിയ ഒളിമ്പ്യൻമാർക്ക് സ്പോർട്സ് കൗൺസിലിന്റെ അവഹേളനം. അത്‌ലറ്റിക്സ് താരങ്ങളായ ഒ.പി.ജെയ്ഷ, അനിൽകുമാർ പ്രകാശ്, റോവിംഗ് താരം പൗലോസ് എന്നിവർക്ക് നൽകിയ ഉറപ്പിൽ നിന്നാണ് അധികൃതർ പിന്നോട്ട് പോയത്.

ഒരുവർഷം മുമ്പ് അപേക്ഷ നൽകിയപ്പോൾ മുതൽ ഉടൻ നിയമന ഉത്തരവ് നൽകുമെന്നാണ് അധികൃതർ പറഞ്ഞിരുന്നത്. എന്നാൽ ഒന്നും സംഭവിച്ചില്ല. നിരന്തരം അധികൃതരുമായി ബന്ധപ്പെട്ടതിനെ തുടർന്ന് കഴിഞ്ഞദിവസം ഒളിമ്പ്യൻമാരെ കൗൺസിൽ ചർച്ചയ്ക്ക് വിളിപ്പിച്ചിരുന്നു. പ്രസിഡന്റ് ടി.പി.ദാസനും, സെക്രട്ടറി സഞ്ജയൻകുമാറും മൂന്ന് അഡ്മിനിസ്ട്രേറ്റീവ് ബോർഡ് അംഗങ്ങളുമാണ് ചർച്ചയിൽ പങ്കെടുത്തത്. കരാർ അടിസ്ഥാനത്തിൽ നിയമിക്കാമെന്ന നിർദേശമാണ് യോഗത്തിൽ അധികൃതർ മുന്നോട്ട് വച്ചത്.

എന്നാൽ കേന്ദ്രസർക്കാരിന്റെ വിവിധ വകുപ്പുകളിൽ സ്ഥിര ജോലി നോക്കുന്ന തങ്ങളെ ഇത്തരത്തിൽ അപമാനിക്കരുതെന്ന് യോഗത്തിൽ പങ്കെടുത്ത അത്‌ലറ്റ് അനിൽകുമാർ അധികൃതരോട് പറഞ്ഞു. അനിൽകുമാറും, പൗലോസും സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയിലും ജെയ്ഷ റെയിൽവേയിലുമാണ് ജോലി നോക്കുന്നത്. കൗൺസിൽ അധികൃതർ ഔദ്യോഗികമായി ചർച്ചയ്ക്കുള്ള കത്ത് അയക്കാത്തതിനാൽ ഒറീസയിലും കൊൽക്കത്തയിലും ജോലി നോക്കുന്ന പൗലോസിനും ജെയ്ഷക്കും അവധി അപേക്ഷ നൽകാനായില്ല. അതിനാൽ ഇരുവർക്കും യോഗത്തിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല.

മൂന്ന് മാസം മുൻപ് ഒളിമ്പ്യൻമാരുടെ നിയമനം സംബന്ധിച്ച ഫയൽ സ്പോർട്സ് കൗൺസിൽ കായികവകുപ്പ് സെക്രട്ടറിയുടെ ഓഫീസിലേക്ക് അയച്ചിരുന്നു. എന്നാൽ ജോയിന്റ് സെക്രട്ടറി തലത്തിൽ നിന്നുതന്നെ ചില ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഫയൽ കൗൺസിലിലേക്ക് അയച്ചു. തുടർന്ന് സെക്രട്ടറിയുടെ ഓഫീസിലേക്ക് ഫയൽ എത്തിയില്ല.

കേന്ദ്ര സർക്കാരിന് കീഴിൽ ജോലി നോക്കുന്നവർക്ക് സംസ്ഥാനത്ത് നിയമനം നൽകുമ്പോൾ ശമ്പളസ്കെയിൽ എങ്ങനെ വേണമെന്ന സുപ്രധാന ചോദ്യമാണ് കായിക വകുപ്പ് കൗൺസിലിനോട് ചോദിച്ചത്. ഇതോടെ കൗൺസിൽ അധികൃതർ വലഞ്ഞു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ശമ്പളസ്കെയിൽ തമ്മിലുള്ള വ്യത്യാസം കണക്കിലെടുക്കാതെയായിരുന്നു കൗൺസിൽ അധികൃതർ നിയമനം നൽകാമെന്ന് വാക്കാൽ പറഞ്ഞത്. പിന്നാലെയാണ് ഒളിമ്പ്യൻമാരുമായി സംസാരിച്ച് പുതിയ വഴികണ്ടെത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചത്.

കൊല്ലത്ത് നടക്കുന്ന സംസ്ഥാന ഹോക്കി ചാമ്പ്യൻഷിപ്പിന്റെ സെമി ഫൈനലിൽ കൊല്ലവും കോട്ടയവും ഏറ്റുമുട്ടുന്നു. മത്സരത്തിൽ കോട്ടയം വിജയിച്ചു.
ഫോട്ടോ: ജ്യോതിരാജ്.എൻ.എസ്